## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം

27 (*447) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉല്പാദന മേഖലയ്ക്ക് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിധി ഇല്ലാതായത് കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഗ്രാമീണ മേഖലയിലെ കൃഷിയെ ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷി വകുപ്പ് മുന്നോട്ടുവച്ച പല പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മതിയായ പിന്തുണയില്ലാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവേളയിൽ കൃഷിക്ക് പ്രാധാന്യം നൽകുന്നതിന് കൃഷി വകുപ്പിന്റെ താഴെത്തട്ടിലെ ഓഫീസുകൾ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉത്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽനിന്നും തുക വകയിരുത്തുന്നതിന് കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്കുശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശ സ്ഥാപനങ്ങൾക്ക് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണമെന്നും ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യംനൽകി പദ്ധതികൾ ഏറ്റെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദന മേഖലയിൽ 85% വരെ വികസന ഫണ്ട് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തലമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഗ്രാമീണ മേഖലയിലും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി ഇത് സൂചിപ്പിക്കുന്നു. ഫണ്ടിന്റെ അഭാവത്തിലുപരി കാർഷികവൃത്തിയിലേർപ്പെടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കൃഷിയെ ബാധിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥനും ഈ വിഭാഗത്തിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും കൃഷി വികസന ഓഫീസറാണ്. കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണ് ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും എല്ലാ ഘട്ടത്തിലും കൃഷി വികസന ഓഫീസർക്കും വർക്കിംഗ് ഗ്രൂപ്പിനും നിർവചിക്കപ്പെട്ടിട്ടുള്ള പങ്ക് നിർവ്വഹിക്കാൻ അവസരമുണ്ട്.

## ഓൺലൈൻ ദേശീയ കാർഷിക വിപണി

**28 (*448)** ശ്രീ. കെ. ദാസൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓൺലൈൻ കാർഷിക വിപണിയെ സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള കാർഷികോല്പന്ന വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly